**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (കുടുംബക്ഷേമം) ന്റെ നടപടിക്രമം**

വിഷയം:- ആ.വ.ഡ – ജീവനക്കാര്യം-ശ്രീമതി. സുധ.ടി -ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്.1 -പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിലേയ്ക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകി - ഉത്തരവാകുന്നു.

പരാമർശം:-
1. സ.ഉ.(സാധാ) നമ്പർ 1667/2023/ആ.ക.വ, തീയതി.11/07/20232.
2. ഉത്തരവ് നമ്പർ ആ .വ.ഡ/4383/2024-ഇ .എസ് 5 തീയതി 19/03/2024.

3.തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും 05/06/2024 ന ലഭ്യമായ A4-855/24നമ്പർ കത്ത്.

**ഉത്തരവ് നം : DHS/6895/2023-FWA5 തിയതി : 24-06-2024**

ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിരവധി ഒഴിവുകൾ നിലനിൽക്കുന്നതിനാലും, ആയത് അടിയന്തിരമായി പരിഹരിക്കേണ്ട സാഹചര്യം നിലനിൽക്കുന്നതിനാലും നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്- 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിലേയ്ക്ക് താത്കാലികമായി സ്ഥാനക്കയറ്റം നൽകുന്നതിന് മേൽ പരമർശം (1) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു.

തിരുവനന്തപുരം ജില്ലയിലെ ചെമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്.1 തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.സുധ.ടിയുടെ സീനിയോറിറ്റി നമ്പർ 1766A എന്ന് പരാമർശം 2 പ്രകാരം പരിഷ്കരിച്ചതിനാൽ, പരാമർശം 1 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കണം എന്ന് അറിയിച്ച് പരാമർശം 3 പ്രകാരം ഉചിത മാർഗ്ഗേണ സേവന വിവരങ്ങൾ ലഭ്യമാക്കിയിരിക്കുന്നു. മേൽ വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാരിക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു .

ആയതിനാൽ തിരുവനന്തപുരം ജില്ലയിലെ ചെമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്.1 ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.സുധ.ടി-ക്ക് (സീനിയോറിറ്റി നമ്പർ 1766A) പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിലേയ്ക്ക് 41300-87000 എന്ന ശമ്പള സ്കെയിലിൽ താത്കാലികമായി സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ജില്ലയിൽ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

സ്ഥാപന മേധാവി ജീവനക്കാരിയെ വിടുതൽ ചെയ്യുന്നതിന് മുമ്പ് ഇവരുടെ സേവനപുസ്തകം, സീനിയോറിറ്റി ലിസ്റ്റ് എന്നിവ പരിശോധിച്ച് അച്ചടക്കനടപടികൾ ഇല്ലായെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ മേൽ പരമാർശം (1) ഉത്തരവ് പ്രകാരം പിന്നീട് ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിങ്ങ് നടത്തുമ്പോൾ ആയത് യാതൊരു കാരണവശാലും പരിത്യജിക്കില്ല എന്നും, യഥാസമയം തന്നെ ട്രെയിനിങ്ങിനു ഹാജരാകുന്നതാണെന്നും ജീവനക്കാരിയിൽ നിന്നു സത്യവാങ്മൂലം എഴുതി വാങ്ങി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിച്ച് ആയത് വ്യക്തമായി രേഖപ്പെടുത്തേണ്ടതും, പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

Signed by
Meenakshy V
Date: 24-06-2024 15:31:06

Dr MEENAKSHY V

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്: ശ്രീമതി.സുധ.ടി, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്.1, കുടുംബാരോഗ്യ കേന്ദ്രം,ചെമ്പൂർ,തിരുവനന്തപുരം-സ്ഥാപന മേധാവി മുഖാന്തിരം

പകർപ്പ് : 1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്.

2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) തിരുവനന്തപുരം/തൃശ്ശൂർ

3. ഫയൽ/കരുതൽ ഫയൽ.